**വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ–ഓർഡിനേഷൻ കമ്മിറ്റിയുടെ 09.03.2016–ലെ യോഗ നടപടിക്കുറിപ്പ്**

യോഗം ഉച്ചകഴിഞ്ഞ് 12.30 മണിക്ക് ബഹു. പഞ്ചായത്ത് വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നോർത്ത് കമ്മിറ്റി ഹാളിൽ ആരംഭിച്ചു.

സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 02.03.2016–ലെ മിനിട്സ് അംഗീകരിച്ചു

2. **പൊതുവിഷയങ്ങൾ**

2.1 **1205** തദ്ദേശഭരണ സ്ഥാപനങ്ങൾ **2760.06** കോടി രൂപ (**44.45** %) ചെലവഴിച്ചതായും ഇതിൽ **947** ഗ്രാമപഞ്ചായത്തുകൾ **1546.73** കോടി രൂപയും (**48.75** %), **152** ബ്ലോക്ക് പഞ്ചായത്തുകൾ **375.53** രൂപയും (**51.24 %**) **14** ജില്ലാ പഞ്ചായത്തുകൾ **367.54** കോടി രൂപയും (**40.46**%), **86**മുനിസിപ്പാലിറ്റികൾ **287.63** കോടി രൂപയും, (**38.34**%), **6** കോർപ്പറേഷനുകൾ **182.62** കോടി രൂപയും (**28.29** %), ചെലവഴിച്ചതായി റിപ്പോർട്ട് ചെയ്തു.

2.2 ബഡ്ജറ്റ് അവതരിപ്പിച്ച് പാസാക്കാത്ത തദ്ദേശഭരണ സ്ഥാപനങ്ങൾ മാർച്ച് 31–ന് മുമ്പ് ബന്ധപ്പെട്ട ആക്ടിൽ നിർദ്ദേശിക്കുന്ന പ്രകാരം പാസാക്കേണ്ടതാണെന്ന് നിർദ്ദേശം നൽകി.

2.3 തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി പ്രവർത്തനം തുടർന്നുകൊണ്ടു പോകുന്നതിനും സംസ്ഥാന സർക്കാർ ബഡ്ജറ്റിൽ അംഗീകരിച്ച തുക തദ്ദേശഭരണ സ്ഥാപനങ്ങളിൽ ചെലവ് ചെയ്യുന്നതിനും അനുമതി ആവശ്യപ്പെട്ട് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷന് നിവേദനം നൽകുന്നതിനും നേരിൽ കാര്യങ്ങൾ ബോദ്ധ്യപ്പെടുത്തുന്നതിനും നിയമപരമായി നാലാമത്തെ ഗ്രാമസഭ കൂടേണ്ടതിന്റെ ആവശ്യകതയും തെരഞ്ഞെടുപ്പു കമ്മീഷനെ ബോദ്ധ്യപ്പെടുത്താനും എൽ.എസ്.ജി.ഡി. സ്പെഷ്യൽ സെക്രട്ടറി പി.ഐ. ഷെയ്ക്ക് പരീത്, സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ. ശ്രീ.എസ്.ദിവാകരൻപിള്ള എന്നിവരെ ചുമതലപ്പെടുത്തി.

2.4 2015–16 പദ്ധതി ഭേദഗതി മാർച്ച് 20 വരെ ദീർഘിപ്പിക്കുന്നതിനും ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിന് ഐ.കെ.എം.നെ ചുമതലപ്പെടുത്തി.

2.5 നിലവിലുള്ള മാർഗരേഖയിൽ അത്യാവശ്യം വേണ്ട മാറ്റങ്ങൾ വരുത്തുന്നതിന് എൽ.എസ്.ജി.ഡി. സ്പെഷ്യൽ സെക്രട്ടറി ശ്രീ.പി.ഐ. ഷെയ്ക്ക് പരീത്, സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ.ശ്രീ.എസ്.ദിവാകരൻപിള്ള എന്നിവരെ ചുമതലപ്പെടുത്തി.

2.6 സബ്സിഡി മാർഗരേഖയിലെ 3.1 ക്രമനമ്പർ 3–ലെ നെൽവിത്തുകൾ, പച്ചക്കറി വിത്തുകൾ എന്നിവയ്ക്ക് 100% സബ്സിഡി പുനഃക്രമീകരിച്ച് തീരുമാനിച്ചു.

3 **പ്രത്യേക വിഷയങ്ങൾ**

**3.1 പൊന്നാനി നഗരസഭ**

പൊതു വിഷയം 2.4 ബാധകം

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.2 ബഹു. പയ്യന്നൂർ എം.എൽ.എ ശ്രീ. സി. കൃഷ്ണൻ നൽകിയ കത്ത്**

പെരിങ്ങോം ഗവ. കോളേജിന് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ടിൽ നിന്നും സംഭാവന നൽകണമെന്ന ആവശ്യം അംഗീകരിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.3 ഇടുക്കി ജില്ലാ പഞ്ചായത്ത്**

ട്രഷറി ഡയറക്ടർ ജില്ലാ ട്രഷറികൾക്ക് വെയ്സ്& മീൻസ് സൈറ്റിലൂടെ നൽകിയ നിർദ്ദേശപ്രകാരം 50 ലക്ഷം രൂപയുടെ ഇടപാടുകൾ മാത്രമേ നടത്താൻ സാധിക്കുന്നുവെന്നുള്ള പ്രശ്നം സംസ്ഥാന വ്യാപകമായുള്ളതാണെന്നും ആയത് പരിഹരിക്കുന്നതിന് ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുമായി ചർച്ച ചെയ്തതായി റിപ്പോർട്ട് ചെയ്തു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.4 ഇടുക്കി ജില്ലാ പഞ്ചായത്ത്**

6 മീറ്ററിൽ താഴെ വീതിയുള്ള റോഡുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് അനുമതി ആവശ്യപ്പെട്ടത് നിരസിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.5 പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത്**

പി.എസ്.സി. അംഗീകൃത കമ്പ്യൂട്ടർ കോഴ്സ് നടത്തുന്നതിന് 90000 രൂപ അനുവദിക്കണമെന്ന ആവശ്യം നിരസിച്ചു തീരുമാനിച്ചു

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.6 കടക്കരപ്പള്ളി ഗ്രാമപഞ്ചായത്ത്**

പൊതു വിഷയം 2.4 ബാധകം

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.7 പഞ്ചായത്ത് ഡയറക്ടറുടെ കത്ത്**

പുതുക്കാട് ഗ്രാമപഞ്ചായത്തിന്റെ അംഗൻവാടി കെട്ടിട നിർമ്മാണത്തിന് ബ്ലോക്ക് പഞ്ചായത്ത് വിഹിതം ഉൾപ്പെടുത്തി സംയുക്ത പ്രോജക്ടായി നടത്തുന്നതിന് നിലവിൽ വ്യവസ്ഥയുള്ളതായി നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.8 എറണാകുളം ജില്ലാ പഞ്ചായത്ത് (ഫയൽ നം.120/ഡി.ബി.3/16/തസ്വഭവ)**

പോത്താനിക്കാട് പ്രവർത്തിക്കുന്ന കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ് വൊക്കേഷണൽ ട്രെയിനിംഗ് കം പ്രൊഡക്ഷൻ സെന്റർ ഫോർ ദ വിഷലി ഹാൻഡിക്യാപ്ഡ് വുമൺ എന്ന സ്ഥാപനത്തിന് പ്രത്യേക ഫണ്ട് അനുവദിക്കണമെന്ന ആവശ്യം പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.9 ഏഴിക്കര ഗ്രാമപഞ്ചായത്ത് (ഫയൽ നം.112/ഡി.ബി.3/16/തസ്വഭവ)**

നഴ്സറി സ്ക്കൂളിന് പട്ടികജാതി വിഭാഗങ്ങൾക്കുള്ള ഫണ്ടിൽ നിന്ന് വാഹനം അനുവദിക്കണമെന്ന ആവശ്യം പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.10 കല്ല്യാശ്ശേരി ഗ്രാമപഞ്ചായത്ത് (ഫയൽ നം.87/ഡി.എ2/16/തസ്വഭവ)**

വിദൂര വിദ്യാഭ്യാസം വഴി ബിരുദാനന്തര ബിരുദത്തിന് പഠിക്കുന്ന ഷഹാന കെ. എന്ന വിദ്യാർത്ഥിനിക്ക് ലാപ്ടോപ് അനുവദിക്കണമെന്ന ആവശ്യം അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.11 ക്ലാപ്പന ഗ്രാമപഞ്ചായത്ത് (ഫയൽ നം.113/ഡി.ബി3/16/തസ്വഭവ)**

പുതിയ വാഹനം വാങ്ങുന്നതിന് അനുമതി നിഷേധിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.12 കുന്നന്താനം ഗ്രാമപഞ്ചായത്ത് (ഫയൽ നം.199/ഡി.എ2/16/തസ്വഭവ)**

മൈലമൺ, മറ്റക്കാട്ടു കുഴി, ചൂരക്കുറ്റിക്കൽ എന്നീ പട്ടിക ജാതി കോളനികളിൽ വീടുകളിൽ വാട്ടർ കണക്ഷൻ നൽകുന്നതിന് കേരള വാട്ടർ അതോറിട്ടിയിൽ ഡിപ്പോസിറ്റ് ചെയ്യണമെന്ന ആവശ്യം മാർഗരേഖ അനുസരിച്ച് നടപ്പിലാക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.13 കുഴൽമന്ദം ഗ്രാമപഞ്ചായത്ത് (ഫയൽ നം.61/ഡി.ബി1/16/തസ്വഭവ)**

നായാടി വിഭാഗക്കാർക്ക് ഗുണഭോക്തൃ സമിതി വഴി ഭവന നിർമ്മാണം നടപ്പിലാക്കാൻ അനുമതി നൽകണമെന്ന ആവശ്യം ഗുണഭോക്തൃ സമതിയുമായി ഉടമ്പടി വച്ച് പഞ്ചായത്ത് സെക്രട്ടറിയുടെ ഉത്തരവാദിത്വത്തിൽ നടപ്പിലാക്കുന്നതിന് അനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.14 കണ്ണൂർ ജില്ലാ കളക്ടറുടെ കത്ത് (ഫയൽ നം.51/ഡി.ബി1/16/തസ്വഭവ)**

പഞ്ചായത്തുകളുടെ ഭവന പദ്ധതിയിൽ ഉൾപ്പെടുത്തണമെങ്കിൽ നിലവിൽ ഭൂമിയുള്ള പഞ്ചായത്ത് പരിധിയിൽ 3 വർഷമെങ്കിലും സ്ഥിര താമസക്കാരനായിരിക്കണമെന്ന വ്യവസ്ഥ ഒഴിവാക്കണമെന്ന ആവശ്യ പ്രകാരം നേരത്തെ താമസിച്ച തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നും വീട് സംബന്ധിച്ച് ആനുകൂല്യം വാങ്ങിയിട്ടില്ല എന്ന് ഉറപ്പു വരുത്തി നടപ്പിലാക്കാൻ അനുമതി നൽകി തീരുമാനിച്ചു

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.15 തിരുവമ്പാടി ഗ്രാമപഞ്ചായത്ത് (ഫയൽ നം.373/എഫ്.എം2/16/തസ്വഭവ)**

പുല്ലൂരാംപാറ മലബാർ സ്പോർട്സ് അക്കാഡമിയിൽ കായിക പരിശീലനം നടത്തുന്ന കുട്ടികൾക്ക് പോഷകാഹാര സംബന്ധമായ ഭക്ഷണം നൽകുന്നതിന് ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും 2 ലക്ഷം രൂപ അനുവദിക്കുന്നതിന് അനുമതി നൽകി തീരുമാനിച്ചു. ഫണ്ട് ചെലവാക്കുന്നതിന് പഞ്ചായത്ത് മേൽനോട്ടം വഹിക്കേണ്ട താണെന്നും ഇതുസംബന്ധിച്ച് ജില്ലാ കളക്ടർ മോണിട്ടറിംഗ് നടത്തേണ്ടതാണെന്നും നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.16 പിറവം നഗരസഭ**

പൊതുവിഷയം 2.4 ബാധകം

. (നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.17 വിളവൂർക്കൽ ഗ്രാമപഞ്ചായത്ത്**

പൊതുവിഷയം 2.4 ബാധകം

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.18 അരൂർ ഗ്രാമപഞ്ചായത്ത്(ഫയൽനം.94/ഡി.എ3/16/തസ്വഭവ)**

തെരുവുവിളക്കുകളുടെ മെറ്റീരിയൽസും, മെയിന്റനൻസും യൂണൈറ്റഡ് ഇലക്ട്രിക്കൽസ് കൊല്ലത്തെ ഒഴിവാക്കി കെൽട്രോൺ കൺട്രോൾസ് വഴി നടപ്പിലാക്കണമെന്ന ആവശ്യം പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.19 മറയൂർ ഗ്രാമപഞ്ചായത്ത്(ഫയൽനം.107/ഡി.എ2/16/തസ്വഭവ)**

1, 2, 3, 13 വാർഡുകളിലെ നിർമ്മാണ പ്രവർത്തനങ്ങൾ ടെണ്ടർ ഒഴിവാക്കി ഗുണഭോക്തൃ സമിതിവഴി നടപ്പിലാക്കണമെന്ന ആവശ്യം നിലവിലെ ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ അംഗീകരിക്കാനാവില്ലെന്ന് നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.20 കാടുകുറ്റി ഗ്രാമപഞ്ചായത്ത്(ഫയൽനം.118/ഡി.എ2/16/തസ്വഭവ)**

പട്ടികജാതി വികസന ഓഫീസിൽ നിന്നും സോഷ്യൽ മാപ്പ് ലഭിച്ചിട്ടില്ലാത്തതിനാൽ മഠത്തിൽപ്പറമ്പിൽ എസ്.സി. സങ്കേതം സംരക്ഷണം എന്ന പദ്ധതി പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.21പുത്തൻവേലിക്കര ഗ്രാമപഞ്ചായത്ത്(ഫയൽനം.102/ഡി.എ2/16/തസ്വഭവ)**

സി.സി.ഡി.പി. സ്കീം പ്രകാരം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ മോട്ടോർ റിപ്പയറിംഗിനും മറ്റും കേര വികസന സമിതി വഴി 3 ലക്ഷം രൂപ വകയിരുത്തിയ പ്രോജക്ടിന് അനുമതി നൽകേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.22 മയ്യിൽ ഗ്രാമപഞ്ചായത്ത്**

VPFA II-A അക്കൗണ്ടിൽ അധികമായി തുക വന്നിട്ടുള്ള കാരണത്താൽ പഞ്ചായത്ത് സമർപ്പിക്കുന്ന ബില്ലുകൾ ഫണ്ടില്ലെന്ന് കാണിച്ച് മടക്കുന്നത് ഒഴിവാക്കണമെന്ന ആവശ്യം ധനകാര്യ വകുപ്പിനെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.23 മലപ്പുറം ജില്ലാ പഞ്ചായത്ത്**

കഴിഞ്ഞ 3 വർഷമമായി നടപ്പിലാക്കി വരുന്ന ജില്ലാ പഞ്ചായത്തിന്റെ തനത് പദ്ധതിയായ പ്രതീക്ഷാ പദ്ധതിക്ക് ഓരോ വർഷവും കോഓർഡിനേഷൻ കമ്മിറ്റിയുടെ അംഗീകാരം വേണമെന്നുള്ള ആവശ്യത്തിന്മേൽ പ്രത്യേക അനുമതി ആവശ്യമില്ല എന്നും മുൻകാലങ്ങളിലെപ്പോലെ തുടരാവുന്നതാണെന്നും നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

(വൈകുന്നേരം 2.15 ന് അവസാനിച്ചു)

**അടുത്ത കോഓർഡിനേഷൻ കമ്മിറ്റി യോഗം 16.03.2016 ന് രാവിലെ 8 മണിക്ക് ബഹു മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ ചേരുന്നതാണ്.**